# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4206** — **12.11.2019 ൽ മറുപടിക്ക്**

**അംഗീകൃത പാറമടകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ അംഗീകൃത പാറമടകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും അനധികൃത പാറമടകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുമായി കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) അനധികൃത ക്വാറി പ്രവർത്തനം തടയുന്നതിനായി 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 108 പ്രകാരം കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ലീസ്/പെർമിറ്റ് ഏരിയ ലംഘിച്ച് ഖനനം നടത്തുകയാണെങ്കിൽ അനധികൃതമായി ഖനനം ചെയ്യപ്പെട്ടുത്ത ധാതുവിന്റെ അളവ് കണക്കാക്കി ചട്ടപ്രകാരമുള്ള റോയൽറ്റിയും വിലയും ചേർത്ത് പിഴ ഈടാക്കുന്നുണ്ട്. അനധികൃത ഖനനത്തിൽ ഏർപ്പെടുന്ന വ്യക്തികൾക്കെതിരെ കോടതിയിൽ നിയമ നടപടി സ്വീകരിക്കുന്നതിനും ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. അനധികൃത കരിങ്കല്ല് ഖനനം തടയുന്നതിന് സ്ഫോടക വസ്തുക്കളുടെ ദുരുപയോഗം തടഞ്ഞാൽ മതിയാകും. സ്ഫോടക വസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ പോലീസ് മേധാവിമാർക്ക് മൈനിംഗ് & ജിയോളജി ഡയറക്ടർ അർദ്ധ ഔദ്യോഗിക കത്ത് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃത ഖനനം തടയുന്നതിനായി പോലീസ് വകുപ്പിലെ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ മുതൽ സംസ്ഥാന പോലീസ് മേധാവി വരെയുള്ളവർക്ക് അധികാരം നൽകിയിട്ടുണ്ട്. കൂടാതെ റവന്യൂ വകുപ്പിലെ വില്ലേജോഫീസർ മുതൽ ജില്ലാ കളക്ടർ വരെയുള്ള ഉദ്യോഗസ്ഥർക്കും ഈ അധികാരം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ബി) കൊല്ലം ജില്ലയിൽ പ്രസ്തുത വിഭാഗത്തിൽ പ്പെടുന്ന ക്വാറികൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങളും നടത്തിയ ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശങ്ങളും വെളിപ്പെടുത്തുമോ? | (ബി) കൊല്ലം ജില്ലയിൽ മൈനിംഗ് പ്ലാനിലെ നിബന്ധനകൾ ലംഘിച്ചതിന് രണ്ട് ക്വാറികൾക്കെതിരെ നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.<br>1. ആക്കവിള സജീനൻ അഗ്രിഗേറ്റ്സ്, മുഖത്തല, കൊല്ലം എന്നിവരിൽ നിന്നും ഒരു ലക്ഷം രൂപ പിഴ ഈടാക്കിയിട്ടുണ്ട്.<br>2. മെ. ഷാ ക്വാറി, തേക്കുവിള, മേലതിൽ, കുടവട്ടൂരിൽ നിന്നും ഒരു ലക്ഷത്തി അറുപത്തയ്യായിരം രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. കൂടാതെ വിജിലൻസ് അന്വേക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.എം.സലീം, സലീം മൻസിൽ, നീലേശ്വരം പി.ഒ നട്ടുവത്തൂരിന്റെ ക്വാറി പ്രവർത്തനങ്ങൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ